## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം- കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിലെ മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.പി.എം.ഷിബുസ്കോ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ 545/2018 നമ്പർ കേസിന്റെ 28/02/2018-ലെ അന്തിമ ഉത്തരവ്- 11.07.2016-ലെ അപ്പീൽ അപേക്ഷ -ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

**സ.ഉ.(സാധാ)നം. 2229 /2018/തസ്വഭവ, തിരുവനന്തപുരം,തീയതി: 13.8.2018**

---

പരാമർശം :- 1. ഗ്രാമവികസന കമ്മീഷണറുടെ 24/06/2016-ലെ 16983/എസ്റ്റാ.എ 4/13/ സിആർഡി നമ്പർ നടപടിക്രമം.
2. ശ്രീ.ഷിബുസ്കോ സർക്കാരിൽ സമർപ്പിച്ച 11/07/2016- ലെ അപ്പീൽ അപേക്ഷ.
3. ശ്രീ.ഷിബുസ്കോ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ (ഇകെഎം) 545/18 ലെ ട്രൈബ്യൂണലിന്റെ 27/02/2018-ലെ ഉത്തരവ്.
4. ശ്രീ.ഷിബുസ്കോ സമർപ്പിച്ച 06/03/2018-ലെ സ്റ്റേ പെറ്റീഷൻ
5. സർക്കാർ ഉത്തരവ് (സാധാ) നം.852/2018/തസ്വഭവ തീയതി 27/03/2018
6. ഗ്രാമവികസന കമ്മീഷണറുടെ 23/03/2018-ലെ 9276/എസ്റ്റാ.എ 4/17/ സിആർഡി നമ്പർ കത്ത്.

## ഉത്തരവ്

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II ഉം വാഴക്കാട് ഗ്രാമപഞ്ചായത്തിലെ ഭവന നിർമ്മാണ പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനുമായിരുന്ന ശ്രീ.പി.എം.ഷിബുസ്കോ തന്റെ പ്രൊബേഷൻ കാലയളവിൽ വാഴക്കാട് ഗ്രാമപഞ്ചായത്തിലെ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് കൈമാറിയ 83,98,455/- (എൺപത്തി മൂന്ന് ലക്ഷത്തി തൊണ്ണൂറ്റെട്ടായിരത്തി നാനൂറ്റി അമ്പത്തിയഞ്ച് രൂപ) രൂപ സെൽഫ് ചെക്ക് വഴി പണമാക്കി അപഹരിച്ചതായി കണ്ടെത്തിയതിനെ തുടർന്ന് ടിയാനെ പരാമർശം (1) പ്രകാരം ഗ്രാമവികസന കമ്മീഷണർ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടു. ടിയാൻ അപഹരിച്ച തുക റവന്യൂ റിക്കവറി നടപടികൾ മുഖാന്തിരമോ സിവിൽ സ്യൂട്ട് ഫയൽ ചെയ്തോ ഈടാക്കുന്നതിന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി. ടിയാനെതിരെ ക്രിമിനൽ കുറ്റത്തിന് വാഴക്കാട് പോലീസ് 331/13 നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു.

ഗ്രാമവികസന കമ്മീഷണറുടെ ഉത്തരവിനെതിരെ പരാമർശം (2) പ്രകാരം ശ്രീ.പി.എം.ഷിബുസ്കോ സർക്കാരിൽ അപ്പീൽ സമർപ്പിക്കുകയും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒ.എ (ഇകെഎം) 545/2018 ആയി കേസ് ഫയൽ ചെയ്യുകയും ചെയ്തു. ഒ.എ (ഇകെഎം) 545/2018-ലെ 27.02.2018-ലെ ഉത്തരവിൽ, ടിയാൻ സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കുന്നതുവരെ ടിയാനെതിരെയുള്ള റിക്കവറി നടപടികൾ നിർത്തിവയ്ക്കുന്നതിനായി

ഉത്തരവ് തീയതി മുതൽ 10 ദിവസത്തിനുള്ളിൽ സർക്കാരിൽ സ്റ്റേ പെറ്റീഷൻ സമർപ്പിക്കാവുന്നതാണെന്നും അതു സംബന്ധിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്നും അതിനു ശേഷം, ടിയാൻ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ (അനക്സർ A11) പരിഗണിച്ച് ടിയാനെ നേരിൽ കേട്ട് മൂന്നു മാസത്തിനുള്ളിൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്നും ഉത്തരവായി. പരാമർശം (4) പ്രകാരം ശ്രീ.പി.എം.ഷിബുസ്റ്റോ സർക്കാർ മുമ്പാകെ സ്റ്റേ പെറ്റീഷൻ സമർപ്പിച്ചു. ഈ വിഷയം സർക്കാർ പരിശോധിക്കുകയും റിക്കവറി നിർത്തിവെയ്ക്കുന്നതിന് പര്യാപ്തമായ കാരണങ്ങളുടെ അഭാവത്തിൽ ടിയാന്റെ ആവശ്യം നിരസിച്ച് പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ 545/18-ലെ 27/02/2018-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ 11/07/2016-ലെ അപ്പീൽ (അനക്സർ 11) പരിഗണിച്ച് 2018 ഏപ്രിൽ 18-ന് സർക്കാർ ടിയാനെ നേരിൽ കേൾക്കുകയുണ്ടായി. തന്റെ അപ്പീലിലെ ആവശ്യങ്ങൾ . പരിഗണിക്കണമെന്നും തനിയ്ക്കെതിരെയുള്ള വിജിലൻസ് കേസ് നിലനിൽക്കുന്നതിനാൽ ടി കേസ് തീർപ്പാക്കുന്നതുവരെ സർവ്വീസിൽ തുടരാൻ അനുവദിക്കണമെന്നും ടിയാൻ അപേക്ഷിച്ചു. അപ്പീൽ പെറ്റീഷൻ സംബന്ധിച്ച് പരാമർശം (6) പ്രകാരം ഗ്രാമവികസന കമ്മീഷണർ സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചു. കുറ്റകൃത്യം നടക്കുന്ന കാലയളവിൽ ശ്രീ.പി.എം.ഷിബുസ്റ്റോ ഒരു പ്രൊബേഷണർ മാത്രമായിരുന്നുവെന്നും സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന ഒരു ജീവനക്കാരൻ സർക്കാർ സേവനത്തിന് അനുയോജ്യനും, സർവ്വീസിൽ തുടരാൻ യോഗ്യനുമാണോയെന്ന് നിയമനാധികാരിക്ക് നിരീക്ഷിക്കാനുള്ള കാലയളവാണ് പ്രൊബേഷൻ കാലയളവെന്നും പ്രസ്തുത കാലയളവിൽ സേവനം തൃപ്തികരമല്ലെന്ന് ബോധ്യപ്പെടുന്ന പക്ഷം ആ ജീവനക്കാരനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാൻ നിയമനാധികാരിക്ക് വിവേചനാധികാരമുള്ളതാണെന്നും, ശ്രീ.ഷിബുസ്റ്റോ പ്രൊബേഷൻ കാലയളവിൽ ഗുരുതരമായ കൃത്യവിലോപം കാണിച്ചിട്ടുള്ളതിനാലും ഖജനാവിലെ പണം അപഹരിച്ചിട്ടുള്ളതിനാലും ടിയാൻ സർക്കാർ സേവനത്തിന് അനുയോജ്യനല്ലെന്ന് കണ്ടെതിനാലാണ് ടിയാനെ കെഎസ് &എസ്എസ്ആർ ചട്ടങ്ങളിലെ ചട്ടം 19 (a) (ii) പ്രകാരം പിരിച്ചുവിട്ടതെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പണാപഹരണം തെളിഞ്ഞതിനെ തുടർന്നാണ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-II ശ്രീ.പി.എം.ഷിബുസ്റ്റോയ്ക്കെതിരെ ഗ്രാമവികസന കമ്മീഷണർ അച്ചടക്ക നടപടി സ്വീകരിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്തത്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ നിയമനാധികാരി പോവർട്ടി അലീവിയേഷൻ യൂണിറ്റ് പ്രോജക്ട് ഡയറക്ടറാണ്. ശ്രീ.പി.എം.ഷിബുസ്റ്റോ പ്രൊബേഷനിൽ ആയിരുന്നു. കെഎസ്&എസ്എസ്ആർ ചട്ടം 19 പ്രകാരം പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യുന്നതിന് നിയമനാധികാരിക്കാണ് അധികാരം എന്നത് പ്രൊബേഷണർമാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് തടസ്സമല്ല. സർവ്വീസിലുള്ള ഒരു മെമ്പർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നത് കെസിഎസ് (സിസി&എ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമാണ്. കെഎസ്&എസ്എസ്ആർ ചട്ടം 2(9) ലെ "Member of a service എന്നതിന്റെ നിർവ്വചനത്തിൽ പ്രൊബേഷണറും ഉൾപ്പെടുന്നു. കെസിഎസ് (സിസി&എ) ചട്ടങ്ങളിലെ ചട്ടം 13 (2) (b) (vi) പ്രകാരം സബോർഡിനേറ്റ് സർവ്വീസിലെ ഒരംഗത്തിനെ സർവ്വീസിൽ നിന്നും പിരിച്ചുവിടുന്നതിന് നിയമനാധികാരി അല്ലെങ്കിൽ ഏതെങ്കിലുമൊരു ഉന്നതാധികാരിക്ക് അധികാരമുള്ളതാണ്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 13(3),(4) എന്നിവ പ്രകാരം ഒരു ഉന്നതാധികാരി ശിക്ഷ ചുമത്തി കഴിഞ്ഞാൽ താഴെയുള്ള അധികാരിയുടെ ഉത്തരവിനെ മറികടന്ന് അത് നിലനിൽക്കുന്നതാണ്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ നിയമനാധികാരി പോവർട്ടി അലീവിയേഷൻ യൂണിറ്റ് പ്രോജക്ട് ഡയറക്ടറാണെങ്കിലും പ്രസ്തുത തസ്തികയുടെ ഉന്നതാധികാരിയായ ഗ്രാമവികസന കമ്മീഷണർ അച്ചടക്ക നടപടി

തീർപ്പാക്കിയത് നടപടി ക്രമങ്ങളിലെ വീഴ്ച ആയി കരുതാവുന്നതല്ല. അതീവ ഗുരുതരമായ സാമ്പത്തിക ക്രമക്കേടും അച്ചടക്കരാഹിത്യവുമായതിനാൽ ഗ്രാമവികസന കമ്മീഷണർ തലത്തിൽ അച്ചടക്ക നടപടി തുടരുന്നതിന് പ്രോജക്റ്റ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നതുമാണ്.

ശ്രീ.ഷിബുസ്റ്റോ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള അപ്പീലിൽ കെസിഎസ് (സിസി&എ) ചട്ടം 15 പ്രകാരം മേജർ ശിക്ഷചുമത്തുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലെന്നും ചട്ടം 15 (10). (i) മുതൽ (vi) വരെ പാലിച്ചിട്ടില്ലെന്നുമാണ് ആരോപിച്ചിട്ടുള്ളത്. കൂടാതെ ഹിയറിംഗിനുള്ള അവസരം നിഷേധിച്ചതായും സ്വാഭാവിക നീതിയുടെ ലംഘനം നടന്നതായും ആരോപിക്കുന്നുണ്ട്. കെസിഎസ്&സിസിഎ ചട്ടങ്ങളിലെ ചട്ടം 11(iv), (vii), (viii), (ix) എന്നിവ പ്രകാരമുള്ള കുറ്റങ്ങൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ള പ്രൊബേഷണർക്കെതിരെ അച്ചടക്ക നടപടി തീർപ്പാക്കുമ്പോൾ ടിയാളുടെ പ്രൊബേഷൻ ഡിസ്ചാർജ് ചെയ്യുന്നതിന് തീരുമാനിക്കുന്ന പക്ഷം അതിന് വീണ്ടും നോട്ടീസ് നൽകേണ്ടതില്ലെന്ന് കെഎസ്&എസ്എസ്ആർ ചട്ടം 20(c) യുടെ നിബന്ധനയിൽ പറയുന്നു. കൂടാതെ കെഎസ്&എസ്എസ്ആർ ചട്ടം 22 (1) പ്രകാരം പ്രൊബേഷണറെ സർവ്വീസിൽ നിന്നും പിരിച്ചു വിടുന്നതിനുള്ള നിയമനാധികാരിയുടെ അധികാരം ഉന്നതാധികാരിക്കും വിനിയോഗിക്കാവുന്നതാണ്.

മേൽ സാഹചര്യത്തിൽ, ശ്രീ.ഷിബുസ്റ്റോയ്ക്ക് എതിരെ അച്ചടക്ക നടപടി സ്വീകരിച്ച് ഗ്രാമവികസന കമ്മീഷണർ പുറപ്പെടുവിച്ച പരാമർശം (1) ലെ ഉത്തരവ് ശരിവച്ചു കൊണ്ടും ഗ്രാമവികസന കമ്മീഷണറുടെ ഉത്തരവിനെതിരെ ടിയാൻ സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ (അനക്സർ A11) നിരസിച്ചു കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ.545/2018 നമ്പർ കേസിലെ 27/02/2018- ലെ ഉത്തരവ് ഇപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ. ഗോപാലകൃഷ്ണ ഭട്ട്,ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി

1) ശ്രീ.പി.എം.ഷിബുസ്റ്റോ, ബുനസ്റ്റോ, കക്കോടി (പി.ഒ), കോഴിക്കോട്, പിൻ-673 611
2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3) അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
5) നിയമ വകുപ്പ് ( 28.6.2018 ലെ 14066/ഉപദേശം/ഡി3/18/നിയമം നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം )
6) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ( 23.5.2018 ലെ 84/ബി2/2018/ഉഭപവ നമ്പർ അനൗദ്യോഗിക കുറിപ്പ്പ്രകാരം)
7) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
8) വിവരപൊതുജനസമ്പർക്ക(വെബ്&ന്യൂമീഡിയ) വകുപ്പ്
9) ഡയറക്ടർ,കേരളാസ്റ്റേറ്റ്ഓഡിറ്റ് വകുപ്പ്(25.7.2018 ലെ കെ.എസ്.എ 2921/എസ്1/2018(1) നമ്പർ കത്ത് പ്രകാരം)
10) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ